*Uncorrected / Not for publication*

*23-06-2026*
*Calling Attention*

**ശ്രദ്ധക്ഷണിക്കൽ**

സംസ്ഥാനത്തെ ജില്ലാ പ്രാദേശിക തലത്തിലുള്ള വികസന അസമത്വം പരിഹരിക്കേണ്ടതിന്റെയും വിദ്യാഭ്യാസ, ആരോഗ്യ, ഗതാഗത മേഖലകളിൽ ജനസംഖ്യാനുപാതത്തിലുള്ള വിഭവ വിതരണം ഉറപ്പാക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മനുഷ്യ വികസന സൂചികയിൽ രാജ്യത്തിന് മാതൃകയായ കേരളത്തിൽപ്പോലും വിവിധ പ്രദേശങ്ങൾക്കിടയിൽ വികസനത്തിലും സർക്കാർ സേവനങ്ങളുടെ ലഭ്യതയിലും ഗണ്യമായ അസമത്വങ്ങൾ നിലനിൽക്കുന്നത് ഏറെ ഗൗരവകരമായി കാണേണ്ടതുണ്ട്. ജനസംഖ്യാ പിന്നാക്കാവസ്ഥ പരിഗണിക്കുമ്പോൾ ആരോഗ്യ, വിദ്യാഭ്യാസ, ഗതാഗത അടിസ്ഥാന സൗകര്യ മേഖലകളിൽ എല്ലാ ജില്ലകൾക്കും തുല്യമായ പരിഗണന ലഭിക്കുന്നില്ല. പുതിയ വികസന പദ്ധതികളുടെ വിതരണത്തിലെ പ്രാദേശിക അന്തരം കുറയ്ക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ ഏറെക്കുറെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിൽ വന്നിട്ടുണ്ടെന്നത് ഏറെ ആശ്വാസകരമാണ്. എന്നാൽ ഇതുകൊണ്ടുമാത്രം ഈ അസമത്വം മറികടക്കാനാകാത്ത അവസ്ഥയാണ് കേരളത്തിൽ നിലനിൽക്കുന്നത്. പ്ലസ് വൺ കോഴ്സിന്റെ അഡ്മിഷനായുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ കാസർഗോഡ് മുതൽ പാലക്കാട് വരെയുള്ള ആറ് ജില്ലകളിൽ ഏകദേശം എഴുപത്തിരണ്ടായിരത്തോളം വിദ്യാർഥികൾക്കാണ് അഡ്മിഷൻ ലഭിക്കാതെ പുറത്തുനിൽക്കേണ്ട അവസ്ഥയുള്ളത്. മലബാറിലെ ആറ് ജില്ലകളിലായി 170735 സീറ്റുകളാണ് നിലവിലുള്ളത്. എന്നാൽ ഈ ജില്ലകളിൽ 243453 കുട്ടികൾ അപേക്ഷകരായുണ്ട്. അതേസമയം സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ മതിയായ കുട്ടികളില്ലാത്ത ബാച്ചുകൾ ഉണ്ടെന്നതും ഈ അസമത്വത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. മലപ്പുറം പോലെ ജനസംഖ്യയിൽ മുന്നിലുള്ള ചില ജില്ലകളിൽ സർക്കാർ ആശുപത്രികൾ, ഡോക്ടർമാർ, ആരോഗ്യസ്ഥാപനങ്ങൾ എന്നിവയുടെ ലഭ്യത താരതമ്യേന കുറവാണ്. 2025-ലെ ആരോഗ്യ അടിസ്ഥാന പഠനം പ്രകാരം ഡോക്ടർമാർക്കുള്ള ജനസംഖ്യ ജില്ലകളിൽ ഏകദേശം 3754 ആണ്. എന്നാൽ മലപ്പുറം ജില്ലയിലത് 7437 ആണെന്നുള്ളത്

ഈ അന്തരത്തിന്റെ മറ്റൊരു ഉദാഹരണമാണ്.

ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രൊഫഷണൽ കോളേജുകളുടെയും വിതരണത്തിലും ജില്ലകൾക്കിടയിൽ വലിയ അസന്തുലിതാവസ്ഥയാണ് നിലനിൽക്കുന്നത്. സി.എ.ജി.-യുടെ 2024-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ ആരോഗ്യരംഗത്ത് ജില്ലാ താലൂക്ക് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളിലും കിടക്കകളുടെ എണ്ണത്തിലും വലിയ അന്തരം വെളിപ്പെടുത്തുന്നുണ്ടെന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. പ്രതിശീർഷ ജില്ലാ ആഭ്യന്തര ഉൽപാദനം, നീതി ആയോഗിന്റെ ബഹുതല ആഭ്യന്തര സൂചിക (എം.പി.ഐ) എന്നിവയും ഈ അസന്തുലിതാവസ്ഥ വ്യക്തമായി കാണിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. പോലെയുള്ള പൊതുഗതാഗത സേവനങ്ങളിലും മേഖലാതല വ്യത്യാസങ്ങൾ നിലനിൽക്കുന്നു. സ്ത്രീകൾക്കിപ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര അനുവദിച്ചപ്പോൾ ഏറ്റവും കുറവ് സർവീസ് രേഖപ്പെടുത്തിയത് മലപ്പുറം ജില്ലയിലാണ്. 98 സർവീസുകൾ മാത്രമാണ് ജില്ലയിലുണ്ടായിട്ടുള്ളതെന്ന ഏറ്റവും ഗുരുതരമായ കണക്കാണ് പുറത്തുവന്നിരിക്കുന്നത്. പൊതുഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു. റോഡ് വികസനം, മറ്റ് അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയിലും സമാനമായ അസന്തുലിതാവസ്ഥ അനുഭവപ്പെടുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ വിഭവങ്ങൾ വിതരണം ചെയ്യുമ്പോൾ ഓരോ ജില്ലയ്ക്കും തുല്യമായ പരിഗണനയാണ് പലപ്പോഴും ലഭിക്കുന്നത്. ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം ഓരോ ജില്ലാ കളക്ടർമാർക്കും അമ്പത് ലക്ഷം രൂപ വീതം റിവോൾവിങ് ഫണ്ട് അനുവദിക്കുമ്പോൾ ജനസംഖ്യ കൂടിയ ജില്ലകൾക്കും കുറഞ്ഞ ജില്ലകൾക്കും ഒരുപോലെ ഫണ്ട് ലഭിക്കുന്നുവെന്നത് ഈ അസന്തുലിതാവസ്ഥയെ കൂടുതൽ വെളിവാക്കുന്നതാണ്. അതുപോലെ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സംവിധാനങ്ങളിലും പ്രാതിനിത്യവും പ്രാദേശിക സന്തുലിതാവസ്ഥയും ഉറപ്പാക്കേണ്ടതുണ്ട്. അതിനാൽ ജില്ലാതല വികസന അസമത്വങ്ങളെക്കുറിച്ച് സർക്കാർ അടിയന്തരമായി ഒരു സമഗ്രമായ പഠനം നടത്തണമെന്നും ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത മേഖലകളിൽ

ജനസംഖ്യാനുപാതത്തിലുള്ള വിഭവവിതരണം ഉറപ്പാക്കുകയും വേണമെന്നും അഭ്യർഥിക്കുന്നു. പ്രാദേശിക വികസന സമത്വ കമ്മിഷൻ രൂപീകരിച്ച് റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും ജനസംഖ്യയ്ക്കനുസരിച്ച് ജില്ല, താലൂക്ക്, വില്ലേജ്, ഗ്രാമപഞ്ചായത്തുകൾ എന്നിവ പുനഃക്രമീകരിക്കണമെന്നുമാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

പിന്നാക്ക പ്രദേശങ്ങൾക്കായി പ്രത്യേക വികസന പാക്കേജ് പ്രഖ്യാപിക്കുകയും കൂടാതെ വികസനപദ്ധതികളുടെ ജില്ലാതല വിലയിരുത്തലിനും സന്തുലിതമായ വിഭവ വിതരണത്തിനുംവേണ്ടി ഒരു സ്ഥിരം സംവിധാനം രൂപീകരിക്കേണ്ടതുമുണ്ട്. കേരളത്തിലെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ച് ജനങ്ങളെ കേട്ട് വിഷമങ്ങൾ നേരിട്ടറിഞ്ഞ പ്രതിഭാധനനായ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശനും പരിണിതപ്രജ്ഞനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും മറ്റ് മന്ത്രിമാരും നേതൃത്വം നൽകുന്ന ഈ സർക്കാരിൽനിന്നും ഏറെ പ്രതീക്ഷയാണ് ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ളത്. കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്കും സർക്കാരിന്റെ സേവനങ്ങളും വികസനഫലങ്ങളും തുല്യമായി അനുഭവിക്കുക എന്നുപറയുന്നത് നീതിയുടെ ഭാഗമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി സതീശൻ): സർ, അടിസ്ഥാന സൗകര്യ വികസനത്തിലും വിഭവങ്ങളുടെ വിതരണത്തിലും സന്തുലിതാവസ്ഥ ഉറപ്പാക്കി സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സർക്കാർ സേവനങ്ങളും വികസനഫലങ്ങളും തുല്യമായി ലഭ്യമാക്കി സാമൂഹ്യനീതിയോടുകൂടിയ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടാണ് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. ഇക്കാര്യത്തിൽ വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം തുടങ്ങിയ സമസ്ത മേഖലകളിലും ജനസംഖ്യ, പിന്നാക്കാവസ്ഥ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം തുടങ്ങിയവ സമഗ്രമായി പരിഗണിച്ചുകൊണ്ടുള്ള ഒരു പുതിയ നയസമീപനമാണ് ഈ സർക്കാരിന്റേത്. വിഭവങ്ങളുടെ അസന്തുലിതമായ വിതരണം മൂലമുണ്ടാകുന്ന പ്രാദേശിക അസമത്വങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ പ്രായോഗിക നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. കാസർഗോഡ്,

വയനാട്, ഇടുക്കി, കുട്ടനാട് പാക്കേജുകൾ കാര്യക്ഷമമായി നടപ്പാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിലും ആരോഗ്യ-വിദ്യാഭ്യാസ രംഗത്തും മലബാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്കും തീരദേശ-മലയോര മേഖലയിലെ ജനസമൂഹത്തിനും പര്യാപ്തമായ വിഹിതം ഉറപ്പാക്കുകയും ചെയ്യുന്നതാണ്. ആദിവാസി സമൂഹങ്ങളുടെ വിദ്യാഭ്യാസ പുരോഗതി, ഗവേഷണം, നൈപുണ്യവികസനം, സാമൂഹ്യ-സാമ്പത്തിക പരിവർത്തനം എന്നിവ ലക്ഷ്യമാക്കി വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ  വിജ്ഞാനമേഖലയുമെന്ന പ്രധാന സംരംഭവും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. ഇത് വയനാട് ഉൾപ്പെടെയുള്ള പിന്നാക്ക ജില്ലയിലെ വിദ്യാഭ്യാസ ഗവേഷണ സാധ്യതകൾക്ക് പുതിയ ദിശ നൽകുന്നതാണിത്. ഈ സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ ഭാഗമായി ട്രൈബൽ കെയർ യൂണിറ്റ്, കോസ്റ്റൽ കെയർ യൂണിറ്റ് അതായത് ട്രൈബൽ മേഖലയിൽ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേകമായ ട്രൈബൽ കെയർ യൂണിറ്റും തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ കോസ്റ്റൽ കെയർ യൂണിറ്റും അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആശങ്കകൾ സർക്കാർ വളരെ ഗൗരവമായിട്ടാണ് എടുക്കുന്നത്. പുതിയ ജില്ലകളും താലൂക്കുകളും രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പഠിക്കുന്നതിന് കമ്മീഷനെ നിയോഗിക്കുന്ന കാര്യം സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാതല വികസന അസമത്വം കുറയ്ക്കുകയും ജനസംഖ്യയും പിന്നാക്കാവസ്ഥയും പരിഗണിച്ചുള്ള വിഭവവിതരണം ഉറപ്പാക്കുകയും എല്ലാ പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങൾ ജനസംഖ്യാടിസ്ഥാനത്തിലും സേവന ക്ഷാമമുള്ള പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യത്തിന് പരിഹാരമുണ്ടാകും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കേരളത്തിലെ എല്ലാ ജനങ്ങൾക്കും വളരെ സന്തോഷം ലഭിക്കുന്നൊരു മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ നൽകിയിരിക്കുന്നത്. ഞാൻ മുഖ്യമന്ത്രിയോട് നന്ദി പറയുകയും അഭിനന്ദനം അറിയിക്കുന്നതോടൊപ്പംതന്നെ മുഖ്യമന്ത്രി ജനങ്ങൾക്ക് നൽകിയിരിക്കുന്ന ഈ വാഗ്ദാനം എത്രയുംവേഗം

നടപ്പിലാക്കണമെന്നും അഭ്യർഥിക്കുകയാണ്. എന്നുപറഞ്ഞാൽ പിന്നാക്ക പ്രദേശങ്ങളും പിന്നാക്ക ജനവിഭാഗങ്ങളും അവർ ചരിത്രപരമായ കാരണങ്ങൾകൊണ്ട് പിൻതള്ളപ്പെട്ടതിനുള്ള കാരണങ്ങൾ പഠിക്കുന്നതിന് ഒരു കമ്മിഷനെ നിയമിച്ച് നിർദിഷ്ട കമ്മിഷന്റെ/വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമയബന്ധിതമായി നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രധാനമാണ്. ആ ചോദ്യത്തിനുള്ള ഉത്തരം, എത്രയും പെട്ടെന്നുതന്നെ കമ്മിഷൻ രൂപീകരിച്ച് അതിന്റെ നടപടികൾ ആരംഭിക്കുകയും റിപ്പോർട്ട് സ്വീകരിച്ച് അതിനുള്ള പരിഹാരങ്ങൾ നടത്തുന്നതുമാണ്.

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ ഉന്നയിച്ചില്ല.)